**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4985

14/11/2019 ൽ മറുപടിക്ക്

## പെരിന്തൽമണ്ണ മണ്ഡലത്തിലെ വില്ലേജുകളിലെ റീസർവ്വെ നടപടികൾ

**ചോദ്യം**
**ശ്രീ.മഞ്ഞളാംകുഴി അലി**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വെ നടപടികൾ പൂർത്തിയായിട്ടുണ്ട്; ഇനി ഏതെല്ലാം വില്ലേജുകൾ റീസർവ്വെ പൂർത്തിയാക്കാൻ ബാക്കിയുണ്ട്; വിശദമാക്കാമോ; | (എ) യും (ബി) യും | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ആകെയുള്ള 12 വില്ലേജുകളിലും നാളിതുവരെ റീസർവ്വെ നടപടികൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ റീസർവ്വെയുടെ അടിസ്ഥാനത്തിലുള്ള പരാതികൾ നിലവിലില്ല. |
| (ബി) | റീസർവ്വെയുടെ അടിസ്ഥാനത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിന് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | എല്ലാ വില്ലേജുകളിലും റീസർവ്വെ നടപടികൾ അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ ആകെയുള്ള 12 വില്ലേജുകളിൽ ജീവനക്കാരുടെ അഭാവം മൂലം നാളിതുവരെ റീസർവ്വെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തി സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ ലാൻഡ് സർവ്വെ നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി പരീക്ഷണ സർവ്വെ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സർവ്വെ വകുപ്പ് |

| | | | |
|---|---|---|---|
| | | | പുനസംഘടിപ്പിച്ചും, ആധുനിക സാങ്കേതിക വിദ്യയായ CORS (Continuously Operating Reference Stations) നെറ്റ് വർക്ക് സംസ്ഥാനത്ത് സ്ഥാപിച്ചും സർവ്വെ നടപടികൾ ത്വരിതപ്പെടുത്തുവാനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരുന്നുണ്ട്. മേൽ നടപടികൾ ആരംഭിക്കുമ്പോൾ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലുൾപ്പെടെ സംസ്ഥാനത്തിലെ കൂടുതൽ വില്ലേജുകളിൽ റീസർവ്വെ നടപടികൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ